| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്തചോദ്യം നം.6297 | 31.10.2011 -ൽ മറുപടിയ്ക്ക് |
| വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | |
| ചോദ്യം | ഉത്തരം |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി. വിൻസെന്റ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈകല്യമുള്ളവർക്കുവേണ്ടി രൂപീകരിച്ച സ്റ്റേറ്റ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) | വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ജില്ലകൾ തോറും ബോധവൽക്കരണ സെമിനാറുകൾ, പരാതി പരിഹാര അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. വികലാംഗർക്ക് അർഹതയുള്ള ആനുകൂല്യം നിഷേധിക്കുന്നതുമായി ബന്ധപ്പെട്ടും വികലാംഗ പീഡനങ്ങൾ സംബന്ധിച്ചും പരാതി ലഭിക്കുകയാണെങ്കിൽ സമയബന്ധിതമായി ആയവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.വികലാംഗർക്കായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ വികലാംഗ സംരക്ഷണ നിയമത്തിൽ നിഷ്ക്കർഷിക്കുന്ന അംഗവൈകല്യം തടയുക, കാലേ കൂട്ടി കണ്ടെത്തി പരിഹരിക്കുക എന്നിങ്ങനെയുള്ള വിപുലമായ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുന്നു. വികലാംഗർക്കായി വിദ്യഭ്യാസ തൊഴിൽ മേഖലകളിൽ സംവരണം ചെയ്തിട്ടുള്ള 3% അവസരങ്ങൾ/തസ്തികകൾ 1:1:1 അനുപാതത്തിൽ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. പൊതു സ്ഥലങ്ങളിൽ വികലാംഗരുടെ സഞ്ചാര സൗകര്യത്തിനും അവർക്കായുള്ള ടോയ്‌ലറ്റ് സൗകര്യവും ഏർപ്പാടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് കമ്മീഷണറേറ്റിൽ നിലവിലുള്ളത്? | (ബി) | വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിന്, വകുപ്പുമേധാവികളുമായി ചർച്ച നടത്തി വരുന്നു. ജില്ലകൾ തോറും സംഘടിപ്പിക്കുന്ന സെമിനാറുകളിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. വികലാംഗ ക്ഷേമത്തിനായി വിവിധ വകുപ്പുകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തുക പ്രസ്തുത ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള മേൽ നോട്ടം വഹിക്കുന്നു. |
| (സി) | വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്താൻ ശ്രമിക്കുമോ? | (സി) | തുക വിനിയോഗം നിരീക്ഷിക്കുന്നതിനായി ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ